"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട 'Senai Thalavar' എന്ന സമുദായ പദം 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.4/2023/BCDD തീയതി,തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 24/01/2023 -ലെ റിപ്പോർട്ട്.

**ഉത്തരവ്**

1958 മുതൽ Senai Thalavar (Elavaniar) എന്ന സമുദായത്തിനെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലും , Socially and Educationally Backward Classes (SEBC) പട്ടികയിൽ Senaithalaivar and Elavania എന്നു ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . തമിഴ് ഭാഷയിൽ ' Thaliavar' എന്ന പദമാണ് ഉപയോഗിച്ച് വരുന്നതെന്നും പല പേരുകളിൽ അറിയപ്പെടുന്ന ഈ സമുദായം ഒന്നുതന്നെയാണെന്നും Senaithalaivar എന്ന സമുദായം തമിഴ്നാട് സംസ്ഥാനത്ത് ഉത്ഭവിച്ചതും അവരുടെ പരമ്പരാഗത തൊഴിൽ കൃഷിയും വെറ്റില കച്ചവടവുമാണെന്നും അതിനാൽ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലെ Senai Thalavar (Elavaniar) എന്നതിനൊപ്പം Senaithalaivar, Elavania എന്നു കൂടി ഉൾ പ്പെടുത്താവുന്നതാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

(2) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 63 ആയ 'Senai Thalavar' എന്നതിന് പകരമായി 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നാക്കി മാറ്റം വരുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിച്ച് 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർ ട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 63 ആയ 'Senai Thalavar' എന്നതിന് പകരം 'Senai Thalavar, Senaithalaivar, Elavaniar, Elavaniya, Elavania' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം. 1728 പ്രകാരം)
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജിഐഎസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Padmasekhar P
Date: 11-09-2023 22:38:21
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്